ഇ 7-1307/2021/General.

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതയ്ക്കാട്,
തിരുവനന്തപുരം-14
ഫോൺ: 0471-2529111
ഫാക്സ് : 0471-2338491
email: apccf-admin.for@kerala.gov.in.
തീയതി:25/03/2021

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം),
തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
സതേൺ സർക്കിൾ, ഹൈറേഞ്ച് സർക്കിൾ,
സെൻട്രൽ സർക്കിൾ, ഈസ്റ്റേൺ സർക്കിൾ,
നോർത്തേൺ സർക്കിൾ.

സർ,

വിഷയം: വനം വന്യജീവി വകുപ്പ്-ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത്- സംബന്ധിച്ച്.

സൂചന:
1. 03.05.2018 തീയതിയിലെ എഫ്3/112/2018/വനം നമ്പർ സർക്കാർ കത്ത്.
2. ഈ ഓഫീസിലെ സർക്കുലർ നമ്പർ ഇ 7.14756/2018 തീയതി 05.06.2018.
3. 16.11.2019 തീയതിയിലെ എഫ്3/204/2019/വനം നമ്പർ സർക്കാർ കത്ത്.
4. 04.03.2021 തീയതിയിലെ എഫ്3/47/2021/വനം നമ്പർ സർക്കാർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും ശ്രദ്ധ ക്ഷണിയ്ക്കുന്നു. വനംവകുപ്പിലെ ചില വിഭാഗം ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാരിലേക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ നിയമനാധികാരികൾ ചട്ട പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നടപടികൾ യഥാസമയം പാലിക്കുന്നില്ലയെന്നും, ചട്ടത്തിൽ അനുവദിച്ചിരിക്കുന്ന ഇളവുകൾ വ്യാപകമായി ദുർവിനിയോഗം ചെയ്ത് അപേക്ഷകൾ സമർപ്പിക്കുന്നുവെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടന്ന് ജീവനക്കാരുടെ പ്രൊബേഷൻ യഥാസമയം പ്രഖ്യാപിക്കുന്നതിനും, പ്രൊബേഷൻ കാലയളവ് ചട്ട പ്രകാരം നീട്ടി അനുവദിക്കുന്നതിനും, പ്രൊബേഷൻ യഥാസമയം പൂർത്തീകരിക്കാത്ത ജീവനക്കാരുടെ കാര്യത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ കൃത്യമായി പാലിക്കുന്നതിനും , വനംവകുപ്പിലെ എല്ലാ നിയമനാധികാരികൾക്കും സർക്കുലർ മുഖേന കർശനനിർദ്ദേശം

നൽകുവാൻ സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് സൂചന (2) പ്രകാരം സർക്കുലറിലൂടെ എല്ലാ നിയമനാധികാരികൾക്കും ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ 50 വയസ്സ് പൂർത്തിയായ ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ഇളവ് നൽകി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സൂചന (3) പ്രകാരം സർക്കർ നിർദ്ദേശം നൽകിയിരുന്നു.

സൂചന (1), (3) പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലയെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും, സർക്കാർ നിർദ്ദേശം പാലിക്കപ്പെടാത്തത് ഗുരുതരമായ വീഴ്ചയായതിനാൽ സൂചന (4) പ്രകാരം സർക്കാർ വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നക്കുന്നതുമായി ബന്ധപ്പെട്ട സർക്കാരിലേക്ക് നൽകിയ അപേക്ഷ സർക്കാർ വിശദീകരണം ആവശ്യപ്പെട്ട് തടഞ്ഞ് വെച്ചിരിക്കുകയാണ്. ഈ കാരണത്താൽ തന്നെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനായി ഈ കാര്യാലയത്തിൽ ലഭിച്ച പുതിയ അപേക്ഷകൾ സർക്കാരിലേക്ക് സമർപ്പിക്കുവാൻ കഴിയാതെ സ്ഥിതിയാണ് ഉള്ളത്

പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്ന/ ഈ കാര്യാലയത്തിൽ ലഭിച്ചിരിക്കുന്ന അപേക്ഷകളിലെ ഈ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു പ്രൊബേഷണർ ടിയാന്റെ സ്വാഭാവിക പ്രൊബേഷൻ കാലയളവിനുള്ളിൽ പ്രത്യേക യോഗ്യത നേടുന്നതിലോ, വിശേഷാൽ ചട്ടം വിവർഷിക്കുന്ന പ്രത്യേക ടെസ്റ്റ് വിജയിക്കുന്നതിലോ പരാജയപ്പെട്ടാൽ, യഥാസമയം തന്നെ നിയമനാധികാരി ചട്ടം 21 പ്രകാരം പ്രൊബേഷൻകാലം ദീർഘിപ്പിച്ച് നൽകേണ്ടതാണ്.
2. ചട്ടം 21 പ്രകാരം നിയമനാധികാരി യഥാസമയം പ്രൊബേഷൻകാലം ദീർഘിപ്പിച്ച് നൽകിയിട്ടും, പ്രൊബേഷണർ യോഗ്യത നേടാൻ പരാജയപ്പെട്ടാൽ നിയമനാധികാരി ടിയാനെ KS&SSR ചട്ടം 19 (b) (i) പ്രകാരം ഡിസ്ചാർജ്ജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
3. ചട്ടം 21 പ്രകാരം പ്രൊബേഷൻകാലം യഥാസമയം ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത നിലവിലെ എല്ലാ കേസുകളിലും നിയമനാധികരികൾ അടിയന്തരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ചട്ടം 21 പ്രകാരമുള്ള നടപടികൾ യഥാസമയം നടപ്പിലാക്കാത്തനിൽ KS&SSR ചട്ടം 19 (b) (i) പ്രകാരമുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും നിയമ തടസങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട് .
4. ഭാവിയിൽ ചട്ടം 21 പ്രകാരം പ്രൊബേഷൻകാലം ദീർഘിപ്പിച്ച് അനു വദിക്കേണ്ടതായി വരുന്ന എല്ലാ കേസുകളിലും നിയമനാധികാരികൾ യഥാസമയം പ്രൊബേഷൻകാലം ദീർഘിപ്പിച്ച് നൽകേണ്ടതും, പ്രൊബേഷണർ യോഗ്യത നേടുന്നതിൽ പരാജയപ്പെട്ടാൽ യഥാസമയം നിയമനാധികാരി KS&SSR ചട്ടം 19 (b) (i) പ്രകാരം ടിയാനെ ഡിസ്ചാർജ്ജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. ചട്ടപ്രകാരമുള്ള നടപടികൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് എല്ലാ നിയമന അധികാരികളും ഉറപ്പ് വരുത്തേണ്ടതാണ്.
5. ചട്ടം 21 പ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിച്ചിട്ടില്ലാത്തതും നിർബന്ധിത വകുപ്പുതല പരീക്ഷകൾ വർഷങ്ങളോളം വിജയിക്കാതിരുന്നതിന് ശേഷം വിജയിക്കുന്നതിനെ തുടർന്ന് പ്രൊബേഷൻകാലം ദീർഘിപ്പിക്കുന്നതിനായി

സമർപ്പിക്കുന്ന അപേക്ഷകളിലും KS&SSR ചട്ടം 13 പ്രകാരമുള്ള ഇളവിന്റെ അടിസ്ഥാനത്തിൽ, 50 വയസ്സ് പൂർത്തിയായതിനാൽ പ്രൊബേഷൻകാലം ദീർഘിപ്പിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിലും താഴെപ്പറയുന്ന നടപടികൾ നിയമനാധികാരികൾ നിർബന്ധമായും സ്വീകരിച്ചിരിക്കേണ്ടതാണ്.

a) ചട്ടം 21 പ്രകാരം യഥാസമയം പ്രൊബേഷൻകാലം ദീർഘിപ്പിച്ച് നൽകാതിരുന്നതിന് നിയമനാധികാരിയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
b) പ്രൊബേഷൻ യഥാസമയം പൂർത്തിയാക്കാതിരുന്ന ഉദ്യോഗസ്ഥനെ KS&SSR ചട്ടം19(b) (i) പ്രകാരം ഡിസ്ചാർജ്ജ് ചെയ്ത് നടപടി സ്വീകരിക്കാതിരുന്നതിനുള്ള നിയമനാധികാരിയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
c) ഉദ്യോഗസ്ഥൻ നാളിതുവരെ വകുപ്പ്തല പരീക്ഷകൾ എഴുതിയിരുന്നില്ലയെങ്കിൽ ആയതിന്റെ കാര്യകാരണങ്ങൾ , വീഴ്ച മാപ്പാക്കുന്നതിനുള്ള അപേക്ഷ സഹിതമുള്ള ടിയാന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
d) ഉദ്യോഗസ്ഥൻ പരീക്ഷകൾ എഴുതി പരാജയപ്പെട്ടതാണെന്ന് ബോധിപ്പിച്ച്, വീഴ്ച മാപ്പാക്കണമെന്നുള്ള അപേക്ഷയാണ് സമർപ്പിക്കുന്നതെങ്കിൽ പരീക്ഷകൾ എഴുതിയ Admission Ticket-ന്റെയും, Result Sheet-ന്റെയും പകർപ്പ് നിർബന്ധമായും അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ നിയമനാധികാരികളും കർശനമായി പാലിക്കേണ്ടതാണ്. ഭാവിയിൽ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കുന്ന അപേക്ഷകൾ മേൽ നിർദ്ദേശങ്ങൾ പാലിച്ച മാത്രമാണ് സമർപ്പിക്കുന്നതെന്ന് ഉറപ്പ് വരുത്തണമെന്നും കർശന നിർദ്ദേശം നൽകുന്നു. കൂടാതെ താങ്കളുടെ സർക്കിളിന്റെ പരിധിയിൽ വരുന്ന എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും, വൈൽഡ് ലൈഫ് , സോഷ്യൽഫോറസ്ട്രി, ഫ്ളയിംഗ് സ്ക്വാഡ്, വർക്കിംഗ് പ്ലാൻ, ടിംബർസെയിൽസ്, ട്രെയിനിംഗ് വിഭാഗങ്ങൾക്കും ഈ നിർദ്ദേശത്തിന്റെ പകർപ്പ് അടിയന്തിരമായി നൽകേണ്ടതാണ്.

ഉള്ളടക്കം-സൂചന (1), (2), (3)-ന്റെ പകർപ്പ്.

വിശ്വസ്തതയോടെ,

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

186805/21

File No.FWLD-F3/112/2018-FWLD

1307/2021

Probation

കേരള സർക്കാർ

നമ്പർ.എഫ്3/112/2018-വനം. വനം വന്യജീവി (എഫ്) വകുപ്പ്

തിരുവനന്തപുരം
തീയതി: 03/05/2018

പ്രിൻസിപ്പൽ സെക്രട്ടറി.

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

സർ,

വിഷയം:- വനം വന്യജീവി വകുപ്പ്- സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.ജെ. ബെൽസിന്റെ പ്രൊബേഷൻ കാലാവധി ദീർഘിപ്പിക്കുന്നത്- സംബ:-

സൂചന:- താങ്കളുടെ 21/4/2018 ലെ ഇ7/14756/18 നം. കത്തും, അനുബന്ധ രേഖകളും.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. KS&SSRs ചട്ടം 19 (b) (i) പ്രകാരം ഒരു പ്രൊബേഷണർ ടിയാന്റെ പ്രൊബേഷൻകാലയളവിനുള്ളിൽ പ്രത്യേക യോഗ്യത നേടുന്നതിലോ, വിശേഷാൽ ചട്ടം വിഷ്കർഷിക്കുന്ന പ്രത്യേക ടെസ്റ്റ് വിജയിക്കുന്നതിലോ പരാജയപ്പെട്ടാൽ, നിയമനാധികാരി, ചട്ടം 21 പ്രകാരം പ്രൊബേഷൻ കാലം ദീർഘിപ്പിച്ചിട്ടില്ലായെങ്കിൽ, ടിയാനെ ഡിസ്ചാർജ്ജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി 04/03/2013ൽ ൽ സ്ഥാനമേറ്റ ശ്രീ.പി.ജെ. ബെൽസിന്റെ സ്വാഭാവിക പ്രൊബേഷൻ 3/3/2014ൽ പൂർത്തിയാക്കി 4/3/2014 പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി നിയമനാധികാരി പ്രഖ്യാപിക്കേണ്ടതായിരുന്നു. എന്നാൽ ടി കാലയളവിനുള്ളിൽ ടിയാൻ നിർബന്ധിത വകുപ്പ തല പരീക്ഷ പാസ്സാകാത്തതിനാൽ പ്രസ്തുത യോഗ്യത നേടുന്നതിനായി ടിയാന്റെ സ്വാഭാവിക പ്രൊബേഷൻ കാലയളവ് തീരുന്ന മുറയ്ക്ക് പ്രൊബേഷൻ കാലയളവ് ചട്ടം 21 പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് നിയമനാധികാരി യഥാസമയം നടപടിയെടുക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തുകയും പിന്നീട് ടിയാൻയോഗ്യത നേടിയതിനുശേഷം ടിയാന്റെ പ്രബേഷൻ ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുകയും ചെയ്ത നിയമനാധികാരിയുടെ നടപടി ശരിയായയതല്ല. ഇതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഒരു ജീവനക്കാരന്റെ പ്രൊബേഷൻ അനന്തമായി നീട്ടികൊണ്ടുപോകുവാൻ ചട്ടം അനുവദിക്കുന്നില്ല. ജീവനക്കാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷനു വേണ്ട

APCCP (Admn)

യോഗ്യത നേടാത്ത പക്ഷം യോഗ്യത നേടുന്നതിനു വേണ്ടി യഥാസമയം നിയമനാധികാരി പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച നൽകേണ്ടതാണ്. അപ്രകാരം ദീർഘിപ്പിച്ച നല്കിയ കാലയളവിനുള്ളിലും യോഗ്യത നേടാത്ത പക്ഷം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. വർഷങ്ങൾ കഴിഞ്ഞ് ജീവനക്കാർ യോഗ്യത നേടിയതിനുശേഷം പ്രബേഷൻ ദീർഘിപ്പിക്കുന്ന നടപടി ചട്ട വിരുദ്ധമാണ് . കൂടാതെ പ്രൊബേഷൻ സമയബന്ധിതമായി ദീർഘിപ്പിക്കുന്നതിൽ വകുപ്പുതലത്തിൽ ഉണ്ടാകുന്ന വീഴ്ച മുൻപും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള വീഴ്ച ആവർത്തിക്കാതിരിക്കുവാൻ വനം വകുപ്പിലെ എല്ലാ നിയമനാധികാരികൾക്കും കർശന നിർദേശം സർക്കുലർ മുഖേന നൽകി വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,
NAZARUDEEN A
**അണ്ടർ സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

മേലെഴുത്ത് നമ്പർ ഇ7-14756/2018 തീയതി-19.05.18

APCCF (A) 19/5

18/05/18

OD 21/05/18

ignature valid
...lly signed by S...EEVAN
2018.05.0... ...:06:05 IST

E7-14756/18

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതയ്ക്കാട്.
തിരുവനന്തപുരം - 695014.
തീയതി : 05-06-2018

## സർക്കുലർ

വിഷയം:- പ്രൊബേഷൻകാലം പൂർത്തിയാക്കിയതിന് ശേഷം നിർദ്ദിഷ്ട യോഗ്യതകൾ നേടാത്ത ജീവനക്കാരുടെ പ്രൊബേഷൻകാലം ദീർഘിപ്പിക്കുന്നത് - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

വനംവകുപ്പിൽ വിവിധ തസ്തികകളിൽ ജോലിനോക്കുന്ന ജീവനക്കാരുടെ പ്രൊബേഷൻ വിവിധ കാരണങ്ങളാൽ യഥാസമയം ഡിക്ലയർ ചെയ്യാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. അത്തരം ജീവനക്കാരുടെ പ്രൊബേഷൻ നിലവിലുള്ള നിയമപ്രകാരം ദീർഘിപ്പിച്ച് നൽകേണ്ടതുണ്ട്. എന്നാൽ യഥാസമയം പ്രൊബേഷൻ ദീർഘിപ്പിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നത് സംബന്ധിച്ചും, ദീർഘിപ്പിക്കുന്നത് സംബന്ധിച്ചും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

എ. എല്ലാ ജീവനക്കാർക്കും പ്രൊബേഷന് നിഷ്ക്കർഷിച്ചിട്ടുള്ള സേവനകാലം പൂർത്തിയാക്കിയാൽ ഉടൻ തന്നെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. ഒരു ജീവനക്കാരന്റെ പ്രൊബേഷൻകാലം തുടർച്ചയായ മൂന്ന് വർഷത്തിൽ രണ്ട് വർഷത്തെ സേവനം ആണെങ്കിൽ രണ്ട് വർഷം സേവനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതാണ്.

ബി. പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിനാവശ്യമായ യോഗ്യതകൾ നേടിയിട്ടില്ലാത്ത പക്ഷം സ്വാഭാവിക പ്രൊബേഷൻകാലം അവസാനിക്കുന്നമുറയ്ക്ക് ഒരു വർഷത്തേക്ക് നിയമനാധികാരി പ്രൊബേഷൻകാലം ദീർഘിപ്പിച്ച് നൽകേണ്ടതാണ്. തുടർച്ചയായ സേവനകാലമല്ല ഈ കാര്യത്തിൽ പരിഗണിക്കേണ്ടത്.

സി. ടി കാലാവധിക്ക് ശേഷവും നിർദ്ദിഷ്ട യോഗ്യതകൾ നേടാത്ത പക്ഷം മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി. മേൽ നടപടികൾക്ക് KS & SSR ഭാഗം II റൂൾ 19,20,21 എന്നിവ പ്രകാരമുള്ള നിയമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

F:\Remya 2018\Admn\E7\E7-14756-18 Circular -05-18.Doc

Probation

'ഭരണഭാഷ - മാതൃഭാഷ'

കേരള സർക്കാർ

വനംവന്യജീവി(എഫ്) വകുപ്പ്

നമ്പർ.എഫ്3/204/2019-വനം. 16/11/2019,തിരുവനന്തപുരം

പ്രേഷിതൻ

അഡീ. ചീഫ് സെക്രട്ടറി.

സ്വീകർത്താവ്

The Head of Forest Force, Thiruvananthapuram.

സർ,

വിഷയം:- വനംവന്യജീവിവകുപ്പ്- ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1.താങ്കളുടെ 04.10.2019 ലെ ഇ7-4502/19 നം. കത്തും,അനുബന്ധവും.
2.12.11.2019 ലെ. സ.ഉ(സാധാ)456/19/വനം. നം. ഉത്തരവ്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വനംവകുപ്പിലെ ഓരോ തസ്തികകളിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി കേരളാ സർവ്വീസ് ചട്ടങ്ങൾ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമാന മാതൃകയിൽ ഫോറസ്റ്റ് സ്പെഷ്യൽ റൂളിലും വകുപ്പുതല പരീക്ഷാ വിജയം നേടേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഒരു തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രൊബേഷൻ കാലയളവിനുള്ളിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള നിർബന്ധിത പരീക്ഷകൾ വർഷങ്ങളോളം വിജയിക്കാതെയിരുന്നതിനുശേഷം, 50 വയസ്സ് പൂർത്തിയായ ജീവനക്കാരന് പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി നിർബന്ധിത പരീക്ഷാ പാസ്സാകുന്നതിൽ നിന്നും KS&SSR ചട്ടം (13) പ്രകാരം അനുവദിച്ചിരിക്കുന്ന ഇളവിന്റെ അടിസ്ഥാനത്തിൽ പ്രൊബേഷൻ കാലം ദീർഘിപ്പിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിലേക്ക് ലഭ്യമാകുന്നുണ്ട്. ഇത്തരത്തിൽ പ്രൊബേഷനു നിശ്ചയിച്ചിട്ടുള്ള നിർബന്ധിത പരീക്ഷകൾ വിജയിക്കുന്നതിനുള്ള യാതൊരു ശ്രമവും നടത്താതെ വർഷങ്ങൾക്കുശേഷം 50 വയസ്സ് പൂർത്തീകരിച്ചു എന്ന ഒറ്റ കാരണത്താൽ നിയമാനുസൃതം പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ

ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നത് നിലവിലുള്ള വ്യവസ്ഥിതിയെ പരിഹസിക്കുന്നതിനു തുല്യമാണ്. ഇത്തരത്തിൽ പ്രൊബേഷൻ അനന്തമായി നീട്ടികൊണ്ടുപോകാൻ ചട്ടം അനുവദിക്കുന്നില്ല. മതിയായ കാരണം കൂടാതെ പ്രൊബേഷൻ നീട്ടി നൽകുന്നത് ആശാസ്യമല്ല. ജീവനക്കാർ പ്രൊബേഷൻ കാലയളവിനുള്ളിൽ വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ താങ്കളുടെ വ്യക്തമായ അഭിപ്രായം അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
SHEELA.M
UNDER SECRETARY
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signature valid
Digitally signed by SAJEEVAN M K
Date: 2019.11.18 [illegible]:30 IST
Reason: Approved
സെക്ഷൻ ഓഫീസർ.